**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4356** **25.06.2019 ൽ മറുപടിക്ക്**

**കോട്ടയം നഗരത്തിലെ റോഡിന്റെയും പാലത്തിന്റെയും നിർമ്മാണം**

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോട്ടയം നഗരത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്ന എൽ.ബി.എസ്.റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് രണ്ട്കോടി രൂപ 2019-20 ലെ ബജറ്റിൽ അനുവദിച്ചിരുന്നുവോ; എങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ; | (എ | 2019-20 ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കോട്ടയം എം.സി. റോഡിലൂടെയുള്ള സുഗമമായ യാത്രയ്ക്ക് അനിവാര്യമായ കോടിമതയിലെ പുതിയ പാലത്തിന്റെ നിർമ്മാണം വൈകുന്നതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | കോടിമത പാലത്തിന്റെ 2 സ്പാനുകൾ പൂർത്തിയായിട്ടുണ്ട്. ഒരു സ്പാനും അബട്ട്മെന്റും ഇരുവശത്തും അപ്രോച്ച് റോഡിന്റെയും പണികൾ പൂർത്തിയാവാനുണ്ട്. അബട്ട്മെന്റ് നിർമ്മിക്കേണ്ട സ്ഥലത്ത് 2 വ്യക്തികൾ വീട്ട് വച്ച് താമസിക്കുന്നതിനാൽ അവരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പാലത്തിനോട് ചേർന്നുള്ള പുറമ്പോക്കിലെ താമസക്കാർക്ക് പകരം ഭൂമി നൽകി പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | കോടിമത പുതിയ പാലത്തിനോട് ചേർന്നുള്ള പുറമ്പോക്കിലെ താമസിക്കുന്നവർക്കു ഭൂമി നൽകുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**